പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

എ.സി.ഡി.എസ്.പി(1)/264725/2022/എച്ച്.എസ്.ഇ തീയ്യതി: 19/11/2022

## സർക്കുലർ

വിഷയം: ഹസെ.വി. - ഇ-ഗ്രാന്റ്സ് 2022-23 - പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് - പട്ടിക ജാതി വിഭാഗം വിദ്യാർത്ഥികളിൽ നിന്നും അഡ്മിഷൻ സമയത്ത് മുൻകൂറായി ഫീസ് ഈടാക്കരുത് എന്ന നിർദ്ദേശം- സംബന്ധിച്ച്.

സൂചന: പട്ടിക ജാതി വികസന വകുപ്പ് ഡയറക്ടറുടെ SCDD/10721/2021B1(EDN-B)-Part-2 dated 04/11/2022 നമ്പർ കത്ത്.

പട്ടിക ജാതി വിഭാഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണം സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ഫീസ്/വിദ്യാർത്ഥികൾക്കുള്ള അലവൻസ് എന്നീ ആനുകൂല്യങ്ങൾ വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് നേരിട്ടാണ് വിതരണം ചെയ്യുന്നത്. വിദ്യാർത്ഥികളുടെ അക്കൗണ്ടിൽ സ്കോളർഷിപ്പ് ക്രെഡിറ്റായി 7 ദിവസത്തിനുള്ളിൽ സ്ഥാപനത്തിന് അർഹതപ്പെട്ട തുക വിദ്യാർത്ഥികൾ സ്ഥാപനത്തിന് ഒടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പട്ടിക ജാതി വിഭാഗ വിദ്യാർത്ഥികളിൽ നിന്നും അഡ്മിഷൻ സമയത്ത് മുൻകൂർ ഫീസ് ഈടാക്കരുതെന്ന് സൂചന കത്ത് മുഖാന്തിരം പട്ടിക ജാതി വികസന വകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചിട്ടുള്ളത് എല്ലാ പ്രിൻസിപ്പൽമാരുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

സ്കോളർഷിപ്പ് അപേക്ഷയുടെ അപ്രൂവൽ സമയത്ത് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് പോർട്ടലിൽ നിന്നും ലഭ്യമാകുന്ന ഫ്രീഷിപ്പ് കാർഡിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുൻകൂർ ഫീസ് വാങ്ങാതെ തന്നെ പട്ടിക ജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകേണ്ടതാണെന്നും, സ്കോളർഷിപ്പ് വിദ്യാർത്ഥികളുടെ അക്കൗണ്ടിൽ ക്രെഡിറ്റായാൽ 7 ദിവസത്തിനകം സ്ഥാപനത്തിന് അർഹതപ്പെട്ട തുക ഒടുക്കണമെന്ന വ്യവസ്ഥ സംബന്ധിച്ച് വിദ്യാർത്ഥികൾ സത്യവാങ്മൂലം

ലഭ്യമാക്കേണ്ടതാണെന്നും, അക്കൗണ്ടുകളിൽ സ്കോളർഷിപ്പ് ക്രെഡിറ്റാകുന്നത് യഥാസമയം അറിയുന്നതിനായി സ്ഥാപനങ്ങളുടെ ലോഗിനിൽ ഓപ്ഷൻ നൽകുന്നതുമാണെന്നും പട്ടിക ജാതി വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഒപ്പ്/-

**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**

**To**

1. **JD (Exam), Sr.Fo, ICT Co-Ordinator**
2. **All RDDs'**
3. **All Principals**